ശ്രീ. പി. വിശ്വംഭരൻ : സംഘങ്ങൾ എടുത്തിട്ടുള്ള ലോണിന്റെ കാലാവധി 5 കൊല്ലക്കാലമെന്നുള്ളതു അടച്ചു തീർക്കാൻ വിഷമം ഭയന്നു കൊണ്ടു 15 കൊല്ലമായി കാലാവധി വർദ്ധിപ്പിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ ഒരു മറുപടി പറയാൻ സാദ്ധ്യമല്ല. ആലോചിക്കാം.

ശ്രീ. പി. ഗോപാലൻ : ഭാഷരി മൂലധനം ഇനത്തിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 33,350 രൂപ വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. പി. ഗോപാലൻ : പ്രവർത്തനമൂലധനം ഇനത്തിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 84,720 രൂപ വിതരണം ചെയ്തിട്ടുണ്ട്.

സി ലൈസൻസികൾ.

* 380. [7] ശ്രീ. ആർ. സുധാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ബീഡി പുകയിലയ്ക്ക് സി ലൈസൻസികൾ കൊച്ചി ഭാഗത്തു സർക്കാരിലേക്ക് അടയ്ക്കേണ്ട ലൈസൻസുഫീസ് എന്തൊക്കെയെന്ന് പറയുമോ;

(ബി) തിരുവിതാംകൂർ പ്രദേശത്തു സി ലൈസൻസികൾ അടയ്ക്കേണ്ട ലൈസൻസ് ഫീസ് എന്താണ് ;

(സി) കൊച്ചിക്കാർ കൊടുക്കുന്ന ലൈസൻസുഫീസ് നിരക്ക് തിരുവിതാംകൂറിലും നടപ്പിലാക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) :

(എ) ബീഡി പുകയിലയ്ക്കു സി ലൈസൻസികൾ കൊച്ചി വിഭാഗത്തു സർക്കാരിലേയ്ക്കു അടയ്ക്കേണ്ട ലൈസൻസുഫീസു 5 രൂപ.

(ബി) തിരുവിതാംകൂർ പ്രദേശത്തും, കൊച്ചി വിഭാഗത്തും ഒരേ ലൈസൻസുഫീസാണുള്ളതു.

(സി) ചോദ്യം ഉദിക്കുന്നില്ല.

രാഷ്ട്രീയ തടവുകാർ.

* 381. [8] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിനു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗുരുനാടു, ഇടപ്പള്ളി കേസുകളിൽപ്പെട്ട മുഴുവൻ രാഷ്ട്രീയ തടവുകാരേയും മോചിപ്പിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടു ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) : ഗുരുനാടു, ഇടപ്പള്ളി കേസുകളിൽപ്പെട്ട തടവുകാരെല്ലാം ഗൗരവമേറിയ കുറ്റങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly